**പതിനാലാം കേരള നിയമസഭ**

**രണ്ടാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 3579** **20.10.2016-** ൽ മറുപടിക്ക്.

**തിരൂരങ്ങാടി മണ്ഡലത്തിലെ കോഴിച്ചെന - വെലത്തൂർ റോഡിന് ഭരണാനുമതി**

| ചോദ്യം | | മറുപടി |
|---|---|---|
| **ശ്രീ. പി.കെ.അബ്ദുറബ്ബ്** | | **ശ്രീ. ജി. സുധാകരൻ (പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പ് മന്ത്രി)** |
| (എ) തിരൂരങ്ങാടി നിയോജക മണ്ഡലത്തിലെ പ്രധാന റോഡായ കോഴിച്ചെന - വെലത്തൂർ റോഡിന് ഭരണാനുമതി നൽകുന്നത് സംബന്ധിച്ച് 3679/G1/ 2016/PWD നമ്പർ ഫയലിൽ എന്തൊക്കെ നടപടികൾ സ്വീകരിച്ചു എന്ന് വ്യക്തമാക്കുമോ;<br>(ബി) പ്രസ്തുത ഫയൽ തെരഞ്ഞെടുപ്പ് കമ്മീഷന്റെ അനുമതിക്കായി അയച്ചിരുന്നോ; എങ്കിൽ എന്നാണ് അയച്ചതെന്ന് വ്യക്തമാക്കുമോ;<br>(സി) തെരഞ്ഞെടുപ്പ് കമ്മീഷന്റെ നിർദ്ദേശം എന്തായിരുന്നുവെന്ന് വ്യക്തമാക്കുമോ; ആ നിർദ്ദേശം നടപ്പാക്കിയോ; ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ? | (എ) യും (ബി) യും (സി) യും | തിരൂരങ്ങാടി നിയോജക മണ്ഡലത്തിലെ 'കോഴിച്ചെന - വെലത്തൂർ' റോഡ് ബി.എം & ബി.സി ചെയ്ത് നവീകരിക്കുന്നതിന് 160 ലക്ഷം രൂപയുടെ ഭരണാനുമതിക്കുള്ള പ്രൊപ്പോസൽ നിരത്തുകളും പാലങ്ങളും വിഭാഗം ചീഫ് എഞ്ചിനീയർ 15.02.2016-ന് സർക്കാരിൽ സമർപ്പിച്ചിരുന്നു. സംസ്ഥാനത്തിന്റെ സാമ്പത്തിക പ്രതിസന്ധി മൂലം പ്രസ്തുത പ്രൊപ്പോസൽ പരിഗണിക്കുവാൻ നിർവ്വാഹമില്ല എന്ന് 03.03.2016-ൽ ധനകാര്യ വകുപ്പ് അഭിപ്രായപ്പെട്ടുവെങ്കിലും തെരഞ്ഞെടുപ്പ് കമ്മീഷന്റെ അംഗീകാരത്തോടെ പരാമർശ പ്രവൃത്തിക്ക് ഭരണാനുമതി നൽകാമെന്ന ധനകാര്യവകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ നിർദ്ദേശ പ്രകാരം 22.03.2016-ന് ഫയൽ തെരഞ്ഞെടുപ്പ് കമ്മീഷന് അയച്ചു. എന്നാൽ സംസ്ഥാനത്തിന്റെ സാമ്പത്തിക പ്രതിസന്ധി കണക്കിലെടുത്ത് പ്രസ്തുത പ്രൊപ്പോസൽ മാറ്റിവച്ച ധനകാര്യ വകുപ്പിന്റെ നടപടി സ്വീകരിക്കുവാൻ തെരഞ്ഞെടുപ്പ് കമ്മീഷൻ നിർദ്ദേശിച്ചതിനാൽ ടി ഫയലിൽ ഉത്തരവ് പുറപ്പെടുവിക്കുവാൻ സാധിച്ചില്ല. |

സെക്ഷൻ ഓഫീസർ